റൂളിംഗ്

മി. സ്പീക്കർ: 2023-ലെ ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ ചേർത്തിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടം സമ്പൂർണ്ണമല്ല എന്നതാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തല ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇത്തരത്തിലൊരു ധനകാര്യ മെമ്മോറാണ്ടം ബില്ലിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

സഭാ നടപടിചട്ടം 73-ലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ചെയർ ഇക്കാര്യം പരിശോധിച്ചു. സഭയിൽ അവതരിപ്പിക്കുന്ന ഒരു ബിൽ നിയമമാകുന്നപക്ഷം പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേയ്ക്കായി സംസ്ഥാന സഞ്ചിതനിധിയിൽനിന്നും വരാവുന്ന ആവർത്തകവും അനാവർത്തകവുമായ ചെലവുകൾ സംബന്ധിച്ച ഒരു മതിപ്പ് തുക ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തണമെന്നാണ് ചട്ടവ്യവസ്ഥ.

ഈ ബിൽ നിയമമാകുമ്പോൾ യഥാർത്ഥത്തിൽ

സഞ്ചിതനിധിയിൽനിന്നും ചെലവുവരുമെന്നും എന്നാൽ എത്ര തുക ഏതെല്ലാം ഇനത്തിൽ വേണ്ടിവരുമെന്നതും സംബന്ധിച്ച് കൃത്യമായി ഈ സന്ദർഭത്തിൽ കണക്കാക്കാൻ കഴിയില്ല എന്നതിനാലാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ അപ്രകാരം ചേർത്തത് എന്നതാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചത്.

നമ്മുടെ സഭയിൽ അവതരിപ്പിക്കപ്പെട്ട ബില്ലുകളിൽ മുൻകാലങ്ങളിലും ഇത്തരത്തിലുള്ള അപൂർണ്ണമായ ധനകാര്യ മെമ്മോറാണ്ടങ്ങൾ ചേർത്തിരുന്നതായി കാണാൻ കഴിയുമെങ്കിലും ഇപ്പോൾ ആധുനിക കാലത്തിൽ പുതിയ സംവിധാനങ്ങളും പുതിയ ധനകാര്യ മാനേജ്മെന്റും നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ വരാവുന്ന ചെലവുകൾ മുൻകൂട്ടി കണക്കാക്കുന്നത് ബുദ്ധിമുട്ടുള്ളൊരു കാര്യമല്ല. ആകയാൽ ബില്ലുകളിൽ ഉൾപ്പെടുത്താത്ത ധനകാര്യ മെമ്മോറാണ്ടങ്ങൾ പരമാവധി യാഥാർത്ഥ്യബോധത്തോടുകൂടിത്തന്നെ തയ്യാറാക്കി ബില്ലുകളോടൊപ്പം സമർപ്പിക്കുകതന്നെയാണ് ഉത്തമമായ മാതൃകയെന്നാണ് ചെയറിന് ഇക്കാര്യത്തിൽ സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട അംഗം ശ്രീ. മാത്യു ടി. തോമസ് ഇവിടെ ഉന്നയിച്ചത് ബില്ലിലെ ശിക്ഷാവിധികൾ സംബന്ധിച്ച

വ്യവസ്ഥകളിൽ അടങ്ങിയിരിക്കുന്ന സാമാന്യമായ ചില നിയമപ്രശ്നങ്ങളാണ്. ബില്ലിന്റെ വിവിധ വകുപ്പുകളിൽ അദ്ദേഹം ചൂണ്ടിക്കാണിച്ച അവ്യക്തതകൾ ഉൾപ്പെടെയുള്ളവ സബ്ജക്ട് കമ്മിറ്റി തലത്തിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് ചെയർ കരുതുകയാണ്. ഉന്നയിക്കപ്പെട്ട രണ്ട് ക്രമപ്രശ്നങ്ങളും ആ രൂപത്തിൽ തീർപ്പാക്കുന്നു.